പഞ്ചായത്തുകൾക്കോ മാത്രമായി പി.എസ്.സി. മുഖേന എഞ്ചിനീയർമാർക്ക് സ്ഥിര നിയമനം നൽകുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട വിവിധ പ്രോജക്ടുകൾക്ക് റിട്ടയേർഡ് എഞ്ചിനീയർമാരുടെ സേവനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) തൽക്കാലം പരിഗണനയിലില്ല. അധികാര വികേന്ദ്രീകരണത്തെ തുടർന്നുള്ള ജീവനക്കാരുടെ പുനർ വിന്യാസം പ്രാവർത്തികമാകുന്നതോടെ പഞ്ചായത്തുകൾക്കാവശ്യമായ എഞ്ചിനീയർമാരുടെ സേവനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

110 (2266) ഗവൺമെന്റ് ആശുപത്രിക്കുവേണ്ടി നഗരസഭ ചെലവഴിച്ചതുക

ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ഗവൺമെന്റ് ആശുപത്രിക്കുവേണ്ടി നാളിതുവരെ കായംകുളം നഗരസഭ ചെലവഴിച്ചിട്ടുള്ള തുകകളും അവ ഏതെല്ലാം ഇനങ്ങളിൽ ചെലവഴിച്ചു എന്നതും വ്യക്തമാക്കുമോ;

(ബി) ഇപ്പോഴത്തെ നഗരസഭ നിലവിൽവന്നശേഷം പ്രസ്തുത ആശുപത്രിക്കുവേണ്ടി ഓരോ വർഷവും മുനിസിപ്പൽ ബഡ്ജറ്റിൽ നീക്കിവച്ച തുക എത്ര;

(സി) ഇവിടെ പണിയുന്ന 100 കിടക്കകളുള്ള പുതിയ ബ്ലോക്കിന് നഗരസഭ ഇതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) ഈ ആശുപത്രിക്ക് ആവശ്യമായ തുക ചെലവഴിക്കണമെന്ന് മുനിസിപ്പാലിറ്റിക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) കായംകുളം ഗവൺമെന്റ് ആശുപത്രിക്കുവേണ്ടി കായംകുളം നഗരസഭ നാളിതുവരെ 13,53,731/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.	വനിത കാന്റീൻ	-	33500/- രൂപ
2.	കംഫർട്ട് സ്റ്റേഷൻ	-	136489/- രൂപ
3.	പാർക്ക് കോൺക്രീറ്റ് ടാറിംഗ് കാമ്പൗണ്ട് വാൾ	-	570416/- രൂപ
4.	പ്രസവവാർഡ്	-	545738/- രൂപ
5.	സോഡിയം വേപ്പർ ലാമ്പ്	-	13950/- രൂപ
6.	പ്രസവവാർഡ്, വയറിംഗ് കിടക്ക	-	18000/- രൂപ
7.	ഒ.പി. ബ്ലോക്ക് അറ്റകുറ്റ പണി	-	25244/- രൂപ

LIBRARY ARCHIVES Kerala Legislative Assembly

8. അത്യാഹിത വിഭാഗത്തിൽ
കോൺക്രീറ്റിംഗ് - 10385/- രൂപ

(ബി) 1996-97 - 20,00,000/- രൂപ
1997-98 - 10,00,000/- രൂപ
1998-99 - 22,00,000/- രൂപ

(സി)&(ഡി) ഈ പണി നടപ്പാക്കുന്നത് പൊതുമരാമത്ത് വകുപ്പാണ്. നഗരസഭ ഇതിനുവേണ്ടി തുകയൊന്നും ചെലവാക്കിയിട്ടില്ല.

111 (2267) മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ പദ്ധതികൾ

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലപ്പുറം ജില്ലാ പഞ്ചായത്ത് എത്ര പദ്ധതികൾ സാങ്കേതികാനുമതിക്കായി സമർപ്പിച്ചു; ഏതെല്ലാം എന്നറിയിക്കുമോ;

(ബി) സാങ്കേതികാനുമതി ലഭിക്കാത്തതിനെത്തുടർന്ന് ഈ സർക്കാരിന്റെ കാലത്ത് മലപ്പുറം ജില്ലയിൽ എത്ര രൂപയുടെ പദ്ധതികളാണ് ഓരോ വർഷവും നഷ്ടപ്പെട്ടത് എന്നറിയിക്കുമോ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചുവരുന്നു.

112 (2268) പഞ്ചായത്ത് വകുപ്പിൽ സൂപ്പർവൈസറി തസ്തികകൾ അനുവദിക്കുന്നതിന് നടപടി

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ സൂപ്പർവൈസറി തസ്തികകൾ അനുവദിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(സി) ശമ്പള കമ്മിഷൻ റിപ്പോർട്ട് പ്രകാരം ഇതിന് അർഹതയുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് ഹൈക്കോടതി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; വിധിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(എഫ്)ഗ്രാമപഞ്ചായത്തുകളുടെ ജോലിഭാരം കണക്കിലെടുത്ത് സൂപ്പർവൈസറി തസ്തികകൾ അനുവദിക്കുമോ എന്നറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly